## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.576 28.09.2016 ന് മറുപടിയ്ക്ക്.

## വന്യജീവി ആക്രമണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ.ഷംസുദ്ദീൻ | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യജീവി ആക്രമണം മൂലം വനത്തിനോട് ചേർന്ന് താമസിക്കുന്നവരുടെ ജീവനും സ്വത്തിനും നേരിടുന്ന നാശനഷ്ടം സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) വനത്തിന് സമീപം വസിക്കുന്നവർക്ക് വന്യജീവി ആക്രമണം മൂലം നാശനഷ്ടം സംഭവിക്കുന്നത് സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) ഇത് തടയുവാൻ നിലവിലുള്ള മാർഗ്ഗങ്ങൾ കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. എന്നാൽ പ്രശ്നബാധിത മേഖലകളിലെ കൂടുതൽ പ്രദേശങ്ങളിൽ നിലവിലുള്ള പ്രതിരോധ മാർഗ്ഗങ്ങൾ ഏർപ്പെടുത്തേണ്ടതായുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇത്തരം പ്രവർത്തികൾ ചെയ്തു വരുന്നു. |
| (സി) വന്യജീവി ആക്രമണം തടയാൻ ആധുനിക മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) വന്യജീവി ആക്രമണം തടയാൻ ആധുനിക മാർഗ്ഗങ്ങൾ സ്വീകരിക്കും. വന്യജീവി ആക്രമണം തടയുന്നതിനുവേണ്ടി സൗരോർജ്ജ കമ്പിവേലി, ആനപ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ തുടങ്ങി വിവിധങ്ങളായ മാർഗ്ഗങ്ങൾക്കു പുറമെ, ചുവടെ പറയുന്ന ആധുനിക മാർഗ്ഗങ്ങൾ നടപ്പാക്കി വരുന്നു.<br>1. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് പ്രദേശവാസികൾക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ നടപടിയെടുത്തു വരുന്നു. |

2. പ്രശ്നബാധിത മേഖലകളിൽ കാട്ടിൽ നിന്നും പുറത്തേക്കു വരുന്ന വന്യജീവികളെ കുറിച്ച് വിവരം ലഭിച്ച ഉടൻ തന്നെ എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികളെ അറിയിക്കുവാനും ജാഗ്രത പാലിക്കുവാനുള്ള നിർദ്ദേശം നൽകുവാനുമായുള്ള Early Warning SMS Alert System വയനാട്, മൂന്നാർ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. ഇത് ആവശ്യാനുസരണം മറ്റു പ്രശ്നബാധിത മേഖലകളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കി വരുന്നു.

3. പ്രശ്നബാധിത മേഖലകളിൽ ക്യാമറാ ട്രാപ്പ് നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി വരുന്നുണ്ട്.

4. വന്യജീവി ആക്രമണം രൂക്ഷമായ മേഖലകളിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

Shrala S.D

സെക്ഷൻ ഓഫീസർ